**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് ചികിൽസാ ചെലവ് അനുവദിക്കുന്നത് - സംബന്ധിച്ച്

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.2220/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/08/2018

പരാമർശം: 1. 02/02/2018-ലെ കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11069/17/SC2 നമ്പർ കത്ത്.

2. 02/02/2018-ലെ കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 396/17/SC2 നമ്പർ കത്ത്.

3. 22/03/2018-ലെ പഞ്ചയത്ത് ഡയറക്ടറുടെ ജെ3/45084/2017 നമ്പർ കത്ത്.

4. 23.05.2018-ന് കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. മാത്യു സമർപ്പിച്ച ഹർജി.

<u>ഉത്തരവ്</u>

കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീ. എ.സി.മാത്യുവിന് പരിയാരം മെഡിക്കൽ കോളേജിൽ ഹൃദയ സംബന്ധമായ അസുഖത്തിന് ചികിൽസ നടത്തിയതിന് ചെലവായ 1,36,460/- രൂപയും (ഒരു ലക്ഷത്തി മുപ്പത്താറായിരത്തി നാന്നൂറ്റി അറുപത് രൂപ), ശ്രീമതി വി.കെ.ലളിത മംഗലപുരത്ത് കെ.എം.സി. ഹോസ്പിറ്റലിൽ ചികിൽസ നടത്തിയതിന് ചെലവായ 9,280/- രൂപയും (ഒമ്പതിനായിരത്തി ഇരുന്നൂറ്റി എൻപതു രൂപ) ശ്രീമതി ടി.വി. ഉഷ മംഗലപുരത്ത് കെ.എം.സി. ഹോസ്പിറ്റലിൽ ചികിൽസ നടത്തിയതിന് ചെലവായ 44,785/- രൂപയും (നാൽപ്പത്തിനാലായിരത്തി എഴുന്നൂറ്റി എൻപത്തിയഞ്ചു രൂപ) ചേർത്ത് മൂന്ന് പേർക്കും കൂടി 1,90,525/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി അഞ്ഞൂറ്റി ഇരുപത്തിയഞ്ച് രൂപ) ചികിൽസാചെലവിനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിൽസാ സഹായമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (3) ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷകൾ പരിഗണിക്കുന്നതിനായി സർക്കരിന് സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീ. എ.സി.മാത്യു, ശ്രീമതി വി.കെ.ലളിത, ശ്രീമതി പി.വി.

ഉഷ എന്നീ മൂന്ന് പേർക്കും കൂടി ചികിൽസക്കായി ചെലവായ തുകയായ 1,90,525/-രൂപ (ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി അഞ്ഞൂറ്റി ഇരുപത്തിയഞ്ച് രൂപ) പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SINDHU. L.**
സ്പെഷ്യല് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത്
ശ്രീ. എ.സി.മാത്യു, ചെയർമാൻ, കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
ശ്രീമതി വി.കെ.ലളിത, മെമ്പർ, കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
ശ്രീമതി പി.വി. ഉഷ, മെമ്പർ, കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി

അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്),തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ